*ഉത്തരം*

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഈ വകുപ്പിൽ ഇത്തരം പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) എഫ്. സി. ഐ. യുടെ ഡിപ്പോമാനേജർ, എഫ്. സി. ഐ. യുടെ ക്വാളിറ്റി കൺട്രോളർ, ജില്ലാ സപ്ലൈആഫീസർ എന്നിവർ സംയുക്തമായി പരിശോധിച്ച് അരിയുടെ ഗുണമേന്മ ഉറപ്പുവരുത്തിയതിനുശേഷമാണ് വിതരണം ചെയ്യേണ്ട അരി പൊതുവിതരണത്തിനായി എത്തിക്കുന്നത്. ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യരുതെന്ന് സിവിൽസപ്ലൈസ് ഉദ്യോഗസ്ഥർക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

**റേഷൻ കടകളോടനുബന്ധിച്ചുള്ള ശബരി സ്റ്റോറുകൾ**

232 [1180] *ശ്രീ. പി. കെ. കെ. ബാവ:*
,, *സി. മമ്മൂട്ടി:*
,, *കളത്തിൽ അബ്ദുള്ള:*
,, *ഇസ്ഹാക് കുരിക്കൾ:*
,, *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളോടനുബന്ധിച്ച് ശബരി സ്റ്റോറുകൾ അനുവദിച്ച് തുടങ്ങിയോ;

(ബി) എങ്കിൽ ഇതിനുവേണ്ടി റേഷൻകടകളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണ്;

(സി) എല്ലാജില്ലകളിലും ഇപ്രകാരം ശബരി സ്റ്റോറുകൾ ആരംഭിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) മറ്റ് ജില്ലകളിൽ എപ്പോൾ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ശബരി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ബി) സ്ഥലസൗകര്യം, വിപണനസാദ്ധ്യത, റേഷൻകാർഡുകളുടെ എണ്ണം, റോഡ് സാമീപ്യം, കോർപ്പറേഷന്റെ ഏറ്റവും അടുത്തുള്ള വിൽപ്പനശാലയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുള്ള ദൂരം, റേഷൻകടക്കാരന്റെ കച്ചവടപരിചയം തുടങ്ങിയ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് റേഷൻകടകളെ ശബരി സ്റ്റോറുകളായി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.

(ഡി) & (ഇ) ഉദിക്കുന്നില്ല.

**ചേലേമ്പ്ര പഞ്ചായത്തിൽ പടിഞ്ഞാറ്റിൻ പൈ പ്രദേശത്ത് റേഷൻകട**

233 [1181] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ചേലേമ്പ്ര പഞ്ചായത്തിൽ പടിഞ്ഞാറ്റിൻ പൈ പ്രദേശത്ത് പുതുതായി ഒരു റേഷൻകട ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏകദേശം അഞ്ഞൂറിലധികം കാർഡുടമകളുടെ ഈ ആവശ്യം അംഗീകരിച്ച് ഇതിനായി നടപടി സ്വീകരിക്കുമോ;

(സി) ഈ വിഷയത്തിൽ ഇതിനകം സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) & (സി) ചേലേമ്പ്ര പഞ്ചായത്തിലെ പടിഞ്ഞാറ്റിൻ പൈ പ്രദേശത്ത് പുതിയ റേഷൻകട അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് നടത്തിയ അന്വേഷണറിപ്പോർട്ട് പ്രകാരം നിർദ്ദിഷ്ട റേഷൻകടയിലേക്ക് 250 റേഷൻകാർഡുകൾ മാത്രമേ ലഭ്യമാവുകയുള്ളു എന്ന് വെളിവാകുകയും ഇത്രയും കാർഡുകൾകൊണ്ട് ഒരു റേഷൻകട സാമ്പത്തിക ഭദ്രതയോടുകൂടി നടത്തുവാൻ സാദ്ധ്യമല്ല എന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യം നിരസിച്ച്ഉത്തരവായിട്ടുണ്ട്.

**പുതിയ മാവേലി സ്റ്റോറുകൾ**

234 [1182] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മാവേലി സ്റ്റോറുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly